ISSN-2455-0736 (Print)
ISSN-2456-4052 (Online)

# നോറോണ കഥകൾ ഒരു പഠനം

NIMMY KURIAN
Assistant Professor, Department of Malayalam
Pavanathma College, Murickassery

**ABSTRACT**

Francis Norona is one of the prominent among the new generation writers in Malayalam literature. He creates a new and varied story atmosphere for his readers which was alien to them.It gives a different experience to the readers since his style is most fundamental and incomparable. This article makes a critical analysis of Norona's language, style of narration, the specific features of his characters and the varities of his story world..

**KEY WORDS:**
Middle-class
language,
vilolence,
repsonse,
liberation

മറ്റേതൊരു സാഹിത്യരൂപത്തിനും അവകാശപ്പെടാനാവാത്ത രൂപപരിണാമക്ഷമത പുലർത്തുന്ന സാഹിത്യശില്പമാണ് ചെറുകഥ. മലയാള ചെറുകഥ അതിന്റെ ഹ്രസ്വമായ ചരിത്രത്തിനുള്ളിൽ സഞ്ചരിക്കാത്ത വഴികൾ വിരളമാണ്. കാലഘട്ടങ്ങളിലൂടെ, ഭിന്നഭാവുകത്വങ്ങളിലൂടെ വളർച്ചയുടെ പടവുകൾ താണ്ടുന്ന മലയാള ചെറുകഥ ആറാം കാലത്തിൽ എത്തിനിൽക്കുന്നു. മലയാള ചെറുകഥയുടെ ഈ പുത്തൻ വസന്തത്തിനു കാരണം ഉത്തരാധുനികതയ്ക്കുശേഷം കഥാപ്രപഞ്ചത്തിലേയ്ക്ക് ചേക്കേറിയ ഒരുപറ്റം പുതിയ കഥാകൃത്തുക്കളാണ്. അവരിൽ തലയെടുപ്പോടെ മുന്നിൽ നിൽക്കുന്ന എഴുത്തുകാരനാണ് ഫ്രാൻസ്സ് നൊറോണ.

വിസ്മയങ്ങളുടെ മായക്കാഴ്ചകളാണ് നൊറോണയുടെ കഥാലോകം. ഭാഷയിലും ആഖ്യാനത്തിലും പ്രമേയത്തിലും മുമ്പ് ദർശിച്ചിട്ടില്ലാത്ത അത്ഭുതമാണ് നൊറോണ തന്റെ കഥാപ്രപഞ്ചത്തിൽ വാരിവിതറുന്നത്. ജീവിതത്തോടുള്ള സത്യസന്ധമായ സമീപനമാണ് പുതുതലമുറക്കഥാകൃത്തുക്കളുടെ പ്രധാന സവിശേഷതകളിൽ ഒന്ന്. കഥയിലെ വരേണ്യ/മധ്യവർഗ്ഗ സാംസ്കാരിക പരിസരത്തെ അപ്പാടെ നിഷേധിച്ചുകൊാണ് നൊറോണക്കഥകളുടെ പ്രയാണം.

**കഥാലോകം**

ഫ്രാൻസിസ് നൊറോണയുടെ കഥകളുടെ പശ്ചാത്തലം മിക്കപ്പോഴും ഇരുട്ടാണ്. ഇരുളിൽ അരങ്ങേറുന്ന വന്യമായ മാനുഷിക ചോദനകൾ കഥകൾക്ക് പുതിയ മാനം നൽകുന്നു. കടൽ പശ്ചാത്തലമായി കവിതയും നോവലുമൊക്കെ മലയാള സാഹിത്യത്തിൽ ഉണ്ടെങ്കിലും കഥയുടെ കാര്യത്തിൽ ഇത് അഭൂതപൂർവ്വമായ അനുഭവമാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

അലറിവിളിക്കുകയും പാഞ്ഞടുക്കുകയും തീരത്തെ സ്വച്ഛമായി പുണരുകയും ചെയ്യുന്ന തിരമാല പോലെ വ്യത്യസ്തമായ മനോനിലകൾ പേറുന്ന ഒരുപറ്റം സാധാരണക്കാരാണ് അദ്ദേഹത്തിന്റെ കഥാലോകത്തുള്ളത്. കടൽജലത്തിന്റെ ഉപ്പുരസവും പരുപരുപ്പും നിറഞ്ഞ ഈ ജനസമൂഹത്തിന്റെ ജീവിതം കാല്പനിക ഭാവങ്ങളെയല്ല ഉണർത്തിവിടുന്നത്. വന്യമായ വാസനകളും ആദിമമായ കാമന കളും ഹിംസാത്മകതയും മുഖമുദ്രകളായി തന്റെ കഥകളിൽ നൊറോണ എടുത്തണിഞ്ഞിരിക്കുന്നു. യഥാർത്ഥ ജീവിതത്തെ സൃഷ്ടിക്കുന്നതിനോടൊപ്പം ഭ്രമാത്മകതയുടെ മറ്റൊരു മായികലോകവും അനുവാചകർക്കായി അദ്ദേഹം തന്റെ കഥകളിൽ അവശേഷിപ്പിക്കുന്നുണ്ട്'. പല കഥകളിലും പ്രമേയ ങ്ങൾ ആവർത്തിക്കപ്പെടുമ്പോഴും കടൽപോലെതന്നെ ആർക്കും വഴങ്ങാത്ത പ്രവചനാതീതമായ ഭയാ നകസൗന്ദര്യങ്ങൾ നിറഞ്ഞ കഥയുടെ ലോകമാണ് ഫ്രാൻസീസ് നൊറോണയുടെ കഥകളിലുള്ളത്.

ആംഗ്ലോ-ഇന്ത്യൻ, ലത്തീൻ കത്തോലിക്ക സമുദായങ്ങളുടെ മതാത്മകതയും പാരമ്പര്യങ്ങളും ഉപരി പ്ലവമായി നിൽക്കുമ്പോഴും നൊറോണക്കഥകൾ അവയുടെ ഉള്ളിൽ ബഹുസ്വരതയുടേതായ മറ്റൊരു ലോകം സൃഷ്ടിക്കുന്നു. സാമൂഹിക ഉച്ചനീചത്വങ്ങളെ ചോദ്യം ചെയ്യാനും ഉച്ചാടനം ചെയ്യാനുമുള്ള സ്ഫോടനാത്മകമായ ശേഷി അദ്ദേഹത്തിന്റെ കഥകൾക്കുണ്ട്. മലയാള സാഹിത്യത്തിന് അന്യമായ ആഖ്യാനശൈലിയിലൂടെ കേരളത്തിന്റെ കടലോര ജീവിതത്തിന്റെ നൈസർഗ്ഗികത തന്റെ കഥകളിൽ അദ്ദേഹം കുടിയിരുത്തുന്നു. നൈസർഗ്ഗിക ചോദനകളെ യാതൊരു മറയും സങ്കോചവുമില്ലാതെ കെട്ട ഴിച്ചുവിടുന്ന കഥാപാത്രങ്ങളിലൂടെയാണ് നൊറോണ എന്ന സാഹിത്യകാരൻ തന്റെ സാമൂഹിക ഉത്ത രവാദിത്വം നിറവേറ്റുന്നത്.

**ആഖ്യാന സവിശേഷതകൾ**

ആഖ്യാനമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മൗലികമായ ഭാഷയിലൂടെയുള്ള ആശയ വിനിമയമാണ്. ഉത്തമപുരുഷ ആഖ്യാതാവും പ്രഥമ പുരുഷ ആഖ്യാതാവും ഫ്രാൻസീസ് നൊറോണയുടെ കഥക ളിൽ മാറിമറഞ്ഞു കടന്നുവന്ന് കഥാശരീരത്തെ ഉജ്ജ്വലമാക്കാറുണ്ട്. അടുത്ത നിമിഷം എന്തും സംഭവിക്കാമെന്ന അങ്കലാപ്പോടെയേ വായനക്കാരന് കഥാലോകത്ത് വ്യാപരിക്കാൻ സാധിക്കൂ. ഉൾക്കിടിലത്തോടെയേ അടുത്ത വരികളിലേയ്ക്ക് കണ്ണയയ്ക്കാൻ കഴിയൂ. കഥയിൽ അങ്ങോളമി ങ്ങോളം ചിന്നിച്ചിതറിക്കിടക്കുന്ന സൂചനകൾ കൃത്യമായ ഒരൊറ്റ സന്ധിയിലേയ്ക്ക് കേന്ദ്രീകരിക്കാൻ നൊറോണ എന്ന എഴുത്തുകാരൻ കാണിക്കുന്ന മികവ് അദ്ദേഹത്തിന്റെ മൗലികത തന്നെയാണ്. പിന്നീടൊന്നുകൂടി വായിക്കുമ്പോൾ ധ്വന്യാത്മകമായ ഈ സൂചനകൾ ഒന്നുപോലും അസ്ഥാനത്തല്ല എന്ന് വായനക്കാരന് മനസ്സിലാകും. ആദ്യകാല മലയാള ചെറുകഥകളിൽ കാണുന്ന പരിണാമഗുപ്തി, വലിച്ചുനീട്ടി കഥ പറയുന്ന രീതി തുടങ്ങിയ സവിശേഷതകൾ പെണ്ണാച്ചി, തൊട്ടപ്പൻ, എലേടെ സുഷി രങ്ങൾ, ഇരുൾരതി എന്നിങ്ങനെ ഒട്ടേറെ കഥകളിൽ കാണാം.

**കഥാപാത്രങ്ങൾ**

മുമ്പേ പറഞ്ഞതുപോലെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പ്രത്യേകിച്ച് എഴുത്തിടങ്ങളിൽ നിന്നും ഭ്രഷ്ടരായവരാണ് നൊറോണയുടെ കഥാപാത്രങ്ങൾ. സാഹിത്യത്തിൽ ജലവും അനുബന്ധ ജീവിതപരിസരങ്ങളും വരേണ്യപരിവേഷത്തോടെയായിരുന്നു പണ്ടുമുതൽ അവതരിപ്പിക്കപ്പെട്ടു പോന്നിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി കടലോര ജീവിതമണ്ഡലത്തെ അതിന്റെ പച്ചയായ രീതിയിൽ നൊറോണ ആവിഷ്കരിക്കുന്നു. തൊട്ടപ്പനിലും മറ്റും മുഖ്യ കഥാപാത്രങ്ങൾ മോഷ്ടാക്ക ളാണ്., ഇത്തരം കഥാപാത്രങ്ങളുടെ സൃഷ്ടികളിലൂടെ വരേണ്യ/മധ്യവർഗ്ഗ വ്യവസ്ഥാപിതത്വങ്ങളെ ധൈര്യപൂർവ്വം വെല്ലുവിളിക്കുകയാണ് എഴുത്തുകാരൻ.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

മോഷ്ടാക്കളും കശാപ്പുകാരനും തുടങ്ങി പാർശ്വവത്ക്കരിക്കപ്പെട്ട ഒരുപറ്റം ആളുകൾ ഇദ്ദേഹത്തിന്റെ കഥകളിൽ കഥാപാത്രങ്ങളാകുന്നു. പള്ളിയും വേദപുസ്തകവും വൈദികനും എന്നുവേണ്ട ജീവിതത്തിന്റെ സമസ്ത തലങ്ങളെയും അവിടെയുണ്ടാകുന്ന മനുഷ്യന്റെ വന്യവും ആദിമവുമായ കാമനകളെയും യാതൊരു സങ്കോചവുമില്ലാതെ തുറന്നുകാട്ടുകയും സമൂഹത്തെ ഭയക്കാതെ അവരെ പ്രതിക്കൂട്ടിലാക്കുകയും ചെയ്യുന്നു നൊറോണ. അദ്ദേഹത്തിന്റെ കഥകളിൽ കാണുന്ന സ്ത്രീ കഥാപാത്രങ്ങളും പരമ്പരാഗത ധാരണകളെ പൊളിച്ചെഴുതുന്നവരാണ്. തൊട്ടപ്പനിലെ കഥാനായിക തന്നെ ഉദാഹരണം,

**ഭാഷ**

മധ്യവർഗ്ഗ/സവർണ്ണ ഭാഷയെ വെല്ലുവിളിക്കുകയും വിചാരണ ചെയ്യുകയും ചെയ്യുന്ന ഭാഷയുടെ ഒരു സമാന്തരലോകം നൊറോണക്കഥകളിൽ കാണാം. സാമുദായികവും പ്രാദേശികവുമായ ഭാഷയുടെ വശ്യസൗന്ദര്യത്തിലൂടെയാണ് എല്ലാ കഥകളും വായനക്കാരനെ ഭ്രമിപ്പിക്കുന്നത്. ഭാഷാവൈവിധ്യങ്ങളുടെ ഒരു പദകോശം തന്നെ അദ്ദേഹം കഥകളിൽ സൃഷ്ടിക്കുന്നു. നാട്ടുമൊഴികൾ കൊണ്ടും നാട്ടുഭാഷയുടെ അനുപമമായ സൗന്ദര്യം കൊണ്ടും അദ്ദേഹത്തിന്റെ കഥാഭാഷ വേറിട്ടുനിൽക്കുന്നു. ഒരേ സമയം മുറിവേല്പ്പിക്കാനും കോരിത്തരിപ്പിക്കാനും പ്രാപ്തമായ മാന്ത്രികവിദ്യയാണ് നൊറോണയുടെ ഭാഷ. മധ്യവർഗ്ഗ/വരേണ്യ ഭാഷയെ ചോദ്യം ചെയ്യാനുതകുന്ന ഒരു പ്രതിഭാഷാനിർമ്മിതിയായിട്ടേ ഇതിനെ കാണാനാവൂ. ഭാഷയുടെ ഈ അപനിർമ്മാണം ഒരർത്ഥത്തിൽ വ്യവസ്ഥിതിയോടുള്ള കലഹമാണ്.

ക്രൂരതയെ കലാത്മകമാക്കി മാറ്റുന്ന മായാജാലമാണ് നൊറോണയുടെ കഥകളുടെ മറ്റൊരു സവിശേഷത. ഒരുതരത്തിലുള്ള വിമോചനാത്മകത പ്രദാനം ചെയ്യാൻ ഇത്തരത്തിലുള്ള ഹിംസാത്മകമായ അവതരണത്തിലൂടെ കഴിയും. ഇത്തരം കഥകളിൽ വൈരുദ്ധ്യാത്മകമായ ഒരു സൗന്ദര്യത്തിന്റെ തലം ദർശിക്കാൻ വായനക്കാരന് സാധിക്കുന്നുണ്ട്. ഹിംസയും വന്യകാമനകളും അവതരിപ്പിക്കപ്പെടുമ്പോൾ തന്നെ, കാവ്യാത്മകമായ ഭാഷയും ആഖ്യാനത്തിനിടയിൽ സ്ഥലംപിടിക്കുന്നു. 'ചെമ്പല്ലി വാപൊളിക്കണപോലെ ചിരിച്ചുകുഴഞ്ഞ്' (ആദാമിന്റെ മുഴ), 'വെളിച്ചത്തിന്റെ കൂർത്ത മുള്ളുകൾ പാകി ബൈക്ക് പാഞ്ഞുപോയി' (കടവരാൽ) എന്നിങ്ങനെ ഉപമകളും രൂപകങ്ങളും കൊണ്ട് സമ്പന്നമാണ് നൊറോണയുടെ കഥാലോകം. അനുവാചകനിൽ കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ട് വ്യാഖ്യാനസ്വാതന്ത്ര്യം നൽകിയാണ് അദ്ദേഹത്തിന്റെ കഥകൾ പൂർത്തിയാകുന്നത്.

മുൻതലമുറകളിൽനിന്ന് പ്രകടമായ മാറ്റമുള്ള ഒരു ആറാം കാലത്തിന്റെ സവിശേഷതകൾ ഫ്രാൻസിസ് നൊറോണ എന്ന എഴുത്തുകാരനിൽ കാണാം. പലപ്പോഴും കഥയുടെ ഭൂത-ഭാവി-വർത്തമാനകാലങ്ങൾ ഈ കഥാകാരനിൽ സന്ധിക്കുന്നു. മലയാള ചെറുകഥയുടെ പഴയ രീതികളെ പൊളിച്ചെഴുതി രൂപം, പ്രമേയം, ആഖ്യാനം തുടങ്ങി സകല തലങ്ങളിലുമുള്ള പുതുമയും പരീക്ഷണോത്സുകതയും പുലർത്തുന്ന ഫ്രാൻസീസ് നൊറോണയെപ്പോലുള്ള എഴുത്തുകാർ നമ്മുടെ കഥാസാഹിത്യത്തിന് മുതൽക്കൂട്ടാണ്.

## REFERENCES

1. ഫ്രാൻസിസ് നോറോണ, തൊട്ടപ്പൻ, ഡി.സി. ബുക്സ്, കോട്ടയം 2019
2. ഡോ. ജോബിൻ ചാമക്കാല (എഡിറ്റർ), പുതുകഥ സൗന്ദര്യവും രാഷ്ട്രീയവും
   യെസ് പ്രസ്സ് ബുക്സ്, പെരുമ്പാവൂർ, 2019
3. ഡോ. ഷീബാ ദിവാകരൻ (എഡിറ്റർ), പുതിയ കഥ, പുതിയ വായന
   പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട് 2021